**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2517** **07-07-2022 - ൽ മറുപടിയ്ക്ക്**

**മണ്ണൊലിപ്പ് തടയാൻ കയർ ഭൂവസ്ത്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | മണ്ണൊലിപ്പ് തടയുന്നതിന് കയർ ഭൂവസ്ത്രം സ്ഥാപിക്കുന്ന പദ്ധതി വ്യാപിപ്പിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ; | (എ) | കയർ ഭൂവസ്ത്രത്തിന്റെ വ്യാപനത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ധാരണയിൽ ഏർപ്പെട്ടിട്ടുണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വഴി മണ്ണ് ജല സംരക്ഷണത്തിനും നീർത്തട പരിപാലനത്തിനും റോഡ് നിർമ്മാണ പ്രവർത്തനങ്ങളിലും കയർ ഭൂവസ്ത്രം ഉപയോഗിച്ചു വരുന്നു. വിവധ ജില്ലകളിലെ സോയിൽ കൺസർവേഷൻ ഓഫീസുകളുമായി ചേർന്ന് മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങളും കെ.എസ്.ഇ.ബി, കേരളത്തിലെ വിവിധ സർവ്വകലാശാലകൾ എന്നിവയുമായി ചേർന്ന് സംരക്ഷണ പ്രവർത്തനങ്ങളും നടപ്പാക്കി വരുന്നു. ഇന്ത്യയുടെ വടക്ക കിഴക്കൻ സംസ്ഥാനങ്ങളിൽ കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചു. നാളിതുവരെ 161.61 കോടി രൂപയുടെ കയർ ഭൂവസ്ത്ര പദ്ധതി നടപ്പാക്കിയിട്ടുണ്ട്. കയർ ഭൂവസ്ത്ര പദ്ധതി വ്യാപകമാക്കുന്നതിനായി ഒരു 'മാർക്കറ്റിംഗ് ക്യാമ്പയിൻ' സംഘടിപ്പിക്കുകയും, പഞ്ചായത്തുകൾ സന്ദർശിച്ച് കയർ ഭൂവസ്ത്ര ഓർഡറുകൾ ശേഖരിക്കുകയും ചെയ്തു. ഇത് 2021-2022 വർഷത്തിൽ കയർ ഭൂവസ്ത്രത്തിന്റെ വിതരണത്തിൽ വർദ്ധനവ് ഉണ്ടാക്കാൻ സഹായകരമായി. |
| (ബി) | കയർ ഭൂവസ്ത്രം സ്ഥാപിക്കുന്നതിന് സർക്കാർ സബ്സിഡി നൽകുന്നുണ്ടോ? | (ബി) | ഇല്ല. |

സെക്ഷൻ ഓഫീസർ